പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1035

12-07-2016 ൽ മറുപടിക്ക്

## ചിറക്കര മാലാകായൽ വികസന പദ്ധതി

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കൊല്ലം ജില്ലയിലെ ചിറക്കര മാലാകായൽ വികസന പദ്ധതി കെ.എൽ.ഡി.സി യുടെ ചുമതലയിൽ 30-06-2007 ൽ ഭരണാനുമതി ലഭിച്ച് ആരംഭിച്ചുവെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) 14-04-2009 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പദ്ധതിയുടെ കാലാവധി 31-12-2012 വരെ ദീർഘിപ്പിച്ച നൽകിയിട്ടും നിർമ്മാണ ജോലികൾ പൂർത്തീകരിക്കുവാൻ കഴിയാതെ വന്ന സാഹചര്യം എന്താണെന്ന് അറിയിക്കുമോ ; | (ബി) | RIDF XII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ടി പദ്ധതിയുടെ നബാർഡ് അനുവദിച്ച കാലാവധി 31-12-2014 ൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. മാലാക്കായലിലെ നിർമ്മാണ പ്രവർത്തനങ്ങൾ വെറ്റ് ലാന്റ് റൂൾ 2010 ന്റെ ലംഘനമായതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച വ്യവഹാരം ഹൈക്കോടതിയിൽ തീരുമാനമായിട്ടില്ല. |
| സി) പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായ കേസ്സുകൾ അവസാനിപ്പിക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തുന്നതായുള്ള പരാതി പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായ കേസ്സുകൾ അവസാനിപ്പിക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ഡി) നിലവിൽ എത്ര തുക ഈ പദ്ധതിയ്ക്ക് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | ടി പദ്ധതിയ്ക്ക് 80.24 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ഇ) പദ്ധതി പൂർത്തീകരണത്തിന് നിലവിൽ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ഇ) | ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഹു. ഹൈക്കോടതിയുടേയും കേരള കോസ്റ്റൽ സോൺ അതോറിറ്റിയുടേയും സ്റ്റേ നിലവിലുണ്ട്. മാലാക്കായലിലെ നിർമ്മാണ പ്രവർത്തനങ്ങൾ വെറ്റ് ലാന്റ് റൂൾ 2010 ന്റെ ലംഘനമാകുമെന്നതിനാലും പ്രസ്തുത വർക്കിന് നബാർഡ് അനുവദിച്ച പൂർത്തീകരണ കാലാവധി അവസാനിച്ചതിനാലും പ്രസ്തുത പദ്ധതി തുടർന്നു നടപ്പിലാക്കാനുള്ള സാഹചര്യം നിലവിലില്ല. |

| | | |
|---|---|---|
| എഫ്) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാറിന് നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതി ഉപേക്ഷിക്കുന്നുവെങ്കിൽ ഉദ്യോഗസ്ഥതലത്തിലുണ്ടായിട്ടുള്ള വീഴ്ചകൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ടി പദ്ധതിയ്ക്കായി ഇതുവരെ 32.317 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്; ഇക്കാര്യം ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ